വടകൊതിയാ

■ പാപ്പച്ചൻ കടമക്കുടി

തലയിലിതെന്താ പൊടിയാ?
പല പലഹാരപ്പൊതിയാ
പൊതികളിലെല്ലാം വടയാ
കൊതിയുണരും ചുടുവടയാ.

വടകര മുഴുവൻ നടയാ
ചടുപിടുവെന്നൊരു ചൊടിയാ
വട വിൽക്കാനും മടിയാ
വടകളൊടെന്തൊരു കൊതിയാ.

ഇടവഴികേറും നൊടിയിൽ
കടുമുടു വടയൊരു കടിയാ
അടിപൊളിവട ബഹുരുചിയാ
വടകളതൊക്കെയുമടിയാ
അടിമുടി വടയുടെ തടിയാ
കുടവയറാ കുഴിമടിയാ.

കൊറോണക്കാലം

■ എം.വി.എസ് കണ്ണമംഗലം

കൊച്ചുകിടാങ്ങൾക്ക് ചക്കച്ചുളയുടെ
സ്വാദറിയാൻ വന്ന കാലം
ചക്കക്കുരുവിനും സ്വാദുള്ള കാര്യം
ഓർമ്മപ്പെടുത്തുന്ന കാലം
കുപ്പയിൽ ആരും നോക്കാതെ നിന്നൊരു
പപ്പായ ചട്ടിയിൽ വെന്തകാലം
മീനില്ലയെങ്കിലും ചോറിനു കൂട്ടായ്
പച്ചിലക്കറികൾ വന്ന കാലം
കൂട്ടിലാക്കപ്പെട്ട പൈങ്കിളിക്കുഞ്ഞിന്റെ
മാനസം നമ്മൾ അറിഞ്ഞ കാലം
ആഡംബരങ്ങളിൽ കാര്യമില്ലെന്നത്
കാണിച്ചുതന്നൊരു കാലം
ആവശ്യമില്ലാ ചെലവുകളത്രയും
വെട്ടിക്കുറച്ചു കാണിച്ച കാലം
വാഹനമൊക്കെയും വിശ്രമിച്ചീടവേ
വായുവും ശുദ്ധമായ് നിന്ന കാലം
ഇനിവരും നാളേക്ക് നല്ലൊരു പാഠമായ്
കാണേണം നമ്മളീ കാലം!

ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം എന്തിന്റെ പ്രചാരണാർത്ഥമായിരുന്നു– ഖിലാഫത്ത് പ്രസ്ഥാനം